**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1879** **08-10-2021 - ൽ മറുപടിയ്ക്ക്**

**ക്ഷീര കർഷകർക്ക് ആശ്വാസമാവുന്ന നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | **Smt J Chinchurani**<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീര കർഷകർക്ക് ആശ്വാസമാവുന്ന എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ; | (എ) | മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തി യിട്ടുണ്ട്. ഗോധനം (സങ്കരയിനം), ഗോധനം (തനത് ഇനം), രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു + 2 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (6 പശു + 4 കിടാരി), കിടാരി പാർക്ക്, ക്ഷീര ഗ്രാമം, ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം / നവീകരണം തുടങ്ങിയ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. കർഷകർക്ക് ആശ്വാസമായി വിവിധങ്ങളായ തീറ്റപ്പുൽകൃഷി വികസന പദ്ധതികളും നടപ്പിലാക്കി വരുന്നു. കൂടാതെ കർഷക ക്ഷേമപദ്ധതികളായ സമഗ്ര ഇൻഷ്വറൻസ് പദ്ധതിയും (ക്ഷീര കർഷകൻ, കുടുംബാംഗങ്ങൾ, അവർ വളർത്തുന്ന കന്നുകാലികൾ എന്നിവയ്ക്ക് ചികിൽസ സഹായം ഉൾപ്പെടെയുള്ള ഇൻഷ്വറൻസ് പരിരക്ഷ) ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര ധന സഹായം, വിദ്യാഭ്യാസ ധനസഹായം എന്നിവയും നൽകുന്നു. |
| (ബി) | മിൽമ അധികമായി ശേഖരിക്കുന്ന പാൽ ഇതരസംസ്ഥാനങ്ങളിൽ കൊണ്ടുപോയി പാൽപ്പൊടിയാക്കി മാർക്കറ്റിൽ വിപണനത്തിനായി എത്തിക്കുമ്പോൾ സംഭവിക്കുന്ന നഷ്ടം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | കേരളത്തിൽ തന്നെ പാൽപ്പൊടി നിർമ്മിക്കുന്നതിനുള്ള പ്ലാന്റ് ആരംഭിക്കുന്നതിനുള്ള തീരുമാനം എപ്പോൾ പ്രാവർത്തികമാക്കും; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | സംസ്ഥാനത്തുതന്നെ പാൽപ്പൊടി നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി മലബാർ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയന്റെ നേതൃത്വത്തിൽ മലപ്പുറം ജില്ലയിലുള്ള മൂർക്കനാട് 53 കോടി രൂപ മുതൽമുടക്കിൽ ആധുനിക |

| | | | |
|---|---|---|---|
| | | | പാൽപ്പൊടി നിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള തറക്കല്ലിടുകയും ആയതിന്റെ നിർമ്മാണത്തിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ